**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.618 31.10.2016-ൽ മറുപടിയ്ക്ക്**

**കായികനയം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.മുരളീധരൻ** | | **ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായികനയത്തിന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് സമഗ്രമായ കായികനയം രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | സ്പോർട്സിന്റെ സമഗ്ര വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | "കായികപരിശീലനസൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് യഥാർത്ഥ കായികപ്രതിഭകളെ കണ്ടെത്തി സമഗ്രപരിശീലനം ലഭ്യമാക്കുക" എന്നതു കായിക നയത്തിന്റെ ഭാഗമാണ്. കായികരംഗവുമായി ബന്ധമുള്ള വിവിധ അസോസിയേഷനുകളും വ്യക്തികളും സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് സംസ്ഥാനത്തിന്റെ കായിക ആവശ്യം മുൻനിറുത്തി വ്യക്തവും സമഗ്രവുമായ ഒരു നയം കൊണ്ടുവരുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത നയം എന്നു പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (സി) | ചർച്ചകളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് ഒരു പൊതു അഭിപ്രായം രൂപീകരിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് കായികനയം പ്രസിദ്ധീകരിക്കുന്നതാണ്. |

Manj M

**സെക്ഷൻ ഓഫീസർ**